(ഇ) ഉണ്ട്. 25 കൊല്ലത്തിനുമേൽ പഴക്കമുള്ള എല്ലാ ബോട്ടുകളും ഘട്ടംഘട്ടമായി മാറ്റി പുതിയ ബോട്ടുകൾ വാങ്ങി സർവ്വീസിനിറക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശബരി റെയിൽപ്പാതയുടെ നിർമ്മാണത്തിന് പള്ളിവക സ്ഥലം ഒഴിവാക്കാൻ നടപടി

72 [2724] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരിപാതയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ പൂർത്തിയാക്കിയിട്ടുള്ള സർവ്വെ പ്രകാരം ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലൂടെ റെയിൽവേ ലൈൻ വരുമ്പോഴുള്ള പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(സി) കാഞ്ഞിരക്കാട് മുസ്ലീം ജമാഅത്ത് കമ്മിറ്റി, പെരുമ്പാവൂർ റെയിൽപ്പാതമൂലം പള്ളിയുടെ ശ്മശാനം നഷ്ടമാകുന്ന വിവരം കാണിച്ച് നൽകിയിട്ടുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ശ്മശാനവും പള്ളിവക സ്ഥലവും ഒഴിവാക്കി റെയിൽപാത നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) അഴുതവരെയുള്ള ഫൈനൽ ലൊക്കേഷൻ സർവ്വെ പൂർത്തിയാക്കിക്കഴിഞ്ഞുവെന്നും എരുമേലിവരെയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയുമാണെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ഭൂമി അക്വയർ ചെയ്യുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായശേഷം മാത്രമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പൂർണ്ണമായി വിലയിരുത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയാൻ കഴിയൂ എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ആരാധനാലയങ്ങൾ, പൊതുശ്മശാനങ്ങൾ എന്നിവ പരമാവധി ഒഴിവാക്കിയാണ് റെയിൽവേ ലൈനുകൾ നിർമ്മിക്കുന്നതെന്നും ആവശ്യമായ സ്ഥലങ്ങളിൽ സൈഡ് ഭിത്തികെട്ടി വേർതിരിക്കുകയും ചെയ്യാറുണ്ടെന്നും ഇപ്പോൾ പരാമർശവിധേയമായ ശ്മശാനത്തിന്റെ കാര്യത്തിൽ ഭൂമി ഏറ്റെടുക്കുന്ന നടപടിക്കുശേഷമേ അന്തിമരൂപം ലഭ്യമാകുകയുള്ളുവെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly